ദുഃഖത്തിലാഴ്ത്തുകയും മാത്രമല്ല, ഭീതിജനകമായ ഒരു അന്തരീക്ഷം തന്നെ അവിടെ ഉണ്ടാകുകയുമാണ് ചെയ്തത്. നിരവധി തവണ സർവ്വ കക്ഷി സമരങ്ങളും, പ്രതിഷേധങ്ങളും എല്ലാം ഉണ്ടായിട്ടും ഇന്നുവരെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. ആ ഗ്രാമത്തിൽ ഇന്നും ഭീതിജനകമായ ഒരു അന്തരീക്ഷം നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഭ്യന്തര വകുപ്പിന്റെ ചാർജ് ഏറ്റെടുത്തതിനുശേഷം നിരവധി കൊല പാതക കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്യുകയുണ്ടായി. സരസ്സൻ സംഭവത്തിന്റെ യഥാർത്ഥ സ്ഥിതി ജനങ്ങളെ ബോദ്ധ്യപ്പെടുത്തി ബേബി ജോണിനെപ്പോലും അപമാനകരമായ വാർത്തകളിൽ നിന്ന് അദ്ദേഹം രക്ഷ പ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെത്ത സാഹചര്യത്തിൽ എന്റെ മണ്ഡലത്തിൽ നടന്ന അതിദാരുണമായ ഈ കൊലപാതകത്തിൽ യഥാർത്ഥ പ്രതികളെ കണ്ടു പിടിക്കുവാൻ ക്രൈം ബ്രാഞ്ച് ആണോ, ലോക്കൽ പോലീസാണോ, ക്രൈം ഡിറ്റാച്ച്മെന്റ് ആണോ ആരാണ് ഈ അന്വേഷണം നടത്തുന്നതെന്നുപോലും വ്യക്തമല്ല. ഏതായാലും ഊർജ്ജിതമായ ഒരു അന്വേഷണം നടത്തി കൊല പാതകികളെ കണ്ടുപിടിക്കുകയും, ആ ഗ്രാമത്തിലെ ജനങ്ങളെ ഭീതിജനകമായ അന്തരീക്ഷത്തിൽ നിന്ന് മുക്തമാക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, 17-7-1984—ലാണ് ഖദീജ എന്നു പറയുന്ന സ്ത്രീയെ കാണാതായത്. ഭർത്താവ് മൊഴി ചൊല്ലിയതിനെ തുടർന്ന് അവരുടെ ഉമ്മയുടെ വീട്ടിൽ താമസിക്കുകയായിരുന്നു അവർ. 21-7-1984-ൽ അവരുടെ പ്രേതം ചാക്കിൽ പൊതിഞ്ഞു കെട്ടിയ നിലയിൽ ഒരു വീടിന്റെ പടിഞ്ഞാറു വശത്തുള്ള കിണറ്റിൽ കാണപ്പെടുകയാണ് ചെയ്തത്. അതിനെ തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടങ്ങി. കാര്യമായ തെളിവൊന്നും കിട്ടിയിട്ടില്ല. ഇതിനെ സംബന്ധിച്ച് ഇപ്പോഴും ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി വരികയാണ്. ഭർത്താവ് മൊഴി ചൊല്ലിയതിനുശേഷം ഇങ്ങനെയൊരു സംഭവമുണ്ടായതിനെ സംബന്ധിച്ച് വളരെ സംശയാസ്പദമായ നില അവിടെ ഉണ്ട്. എങ്കിലും ശരി ക്രൈംബ്രാഞ്ച് കുറെകൂടെ വേഗത്തിൽ ഇതിനെക്കുറിച്ച് അന്വേഷണം നടത്തി കുറ്റവാളിയെ കണ്ടെത്താനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(3) ശ്രീകണ്ഠപുരം-ചെമ്പിൽതൊട്ടി-നടുവിൽറോഡ്

ശ്രീ. കെ. സി. ജോസഫ് : സർ, വികസന പ്രവർത്തനങ്ങളിൽ മലബാറിലെ മലയോരമേഖലയോട് വേണ്ട പരിഗണന കാണിക്കുന്നില്ലെന്ന ആക്ഷേപമാണ് എനിക്ക് ആമുഖമായി സൂചിപ്പിക്കാനുള്ളത്. എന്റെ നിയോജകമണ്ഡല ത്തിൽപ്പെട്ട ശ്രീകണ്ഠപുരം-ചെമ്പിൽതൊട്ടി-നടുവിൽ റോഡിന്റെ രണ്ടാമത്തെ റീച്ചിന്റെ പണിക്ക് ഇനിയും ടെൻഡർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. ഭരണാ നുമതിയും സാങ്കേതികാനുമതിയും നൽകിയ ഈ റോഡിന്റെ പണിക്ക് 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. 30-7-1986—ൽ ഞാൻ ഇക്കാര്യം സഭയിൽ ഉന്നയിച്ചിരുന്നു. അന്ന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ തീർച്ചയായും ഇത് ടെൻഡർ ചെയ്യാമെന്ന് ഉറപ്പു നൽകിയതാണ്. അതിനെ സംബന്ധിച്ച് നിയമ സഭയിൽ രേഖകളും പരിശോധിച്ചാൽ വ്യക്തമാകും. പക്ഷെ ഈ വർക്ക് ഇപ്പോഴും, ടെൻഡർ, ചെയ്തിട്ടില്ല. അതുപോലെ തന്നെയാണ് ചെമ്പിൽ കുടിയാൻമല റോഡിലെ മണ്ണംകുണ്ട് പാലത്തിന്റെ പണിയുടെ കാര്യവും ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകി ഈ പണിക്ക് ബഡ്ജറ്റിൽ ഏഴുലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

ഈ വർക്ക് ചെയ്യാൻ അനുമതി നൽകിയാൽപ്പോലും ഈ സാമ്പത്തിക വർഷം രണ്ടു ലക്ഷം രൂപയിൽ കൂടുതൽ ചെലവാകാൻ പോകുന്നില്ല. ഭരണാനുമതിയും സാങ്കേതികാനുമതിയും കൊടുക്കുകയും ബഡ്ജറിൽ തുക വക കൊള്ളിക്കുകയും ചെയ്ത വർക്കുകളെങ്കിലും എത്രയും വേഗം ടെൻഡർ ചെയ്യാനുള്ള അനുവാദം നൽകണം. മലബാറിന്റെ മലയോര മേഖലയോട് കഴിഞ്ഞ കാലത്ത് കാണിച്ച അവഗണന ബഹുമാനപ്പെട്ട മലബാറുകാരനായ മന്ത്രിയെങ്കിലും തിരുത്തണം എന്ന് ഞാൻ അപേക്ഷിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : സർ, ഈ രണ്ടു റോഡുകളും എം. എൽ. എ. റോഡ് സ്കീമിൽപ്പെടാത്തതുകൊണ്ട് അതിന് സ്വാഭാവികമായും മുൻഗണനയില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കും നമുക്കെല്ലാവർക്കുമറിയാവുന്നതാണ്. ഇവിടെ പറഞ്ഞ റോഡ് 1982-ൽ അനുവാദം നൽകുകയും ഒരു റീച്ച് പൂർത്തിയാക്കുകയും ചെയ്ത സ്ഥിതിക്ക് രണ്ടാമത്തെ റീച്ചിന് അടിയന്തിരമായി അനുവാദം നൽകുന്നുണ്ട്. പാലത്തിന് അനുവാദം നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(4) കുന്നുംപുറത്ത് ബേബിയെന്നയാളുടെ വീട്ടിൽ പോലീസ് നടത്തിയ അതിക്രമം

ശ്രീ. എം. ജിനദേവൻ : സർ, എന്റെ നിയോജക മണ്ഡലത്തിലെ നെടുങ്കണ്ടം പോലീസ് സ്റ്റേഷനതിർത്തിയിൽ മേലേ ചിന്നാർ എന്ന സ്ഥലത്ത് താമസക്കാരനായ കുന്നുംപുറത്ത് ബേബി എന്നയാളുടെ വീട്ടിൽ 3-10-1986-ന് അർദ്ധരാത്രി സമയത്ത് മുരിക്കശ്ശേരി പോലീസ്സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറും രണ്ടു പോലീസുകാരും കടന്ന് ചെന്ന് ബേബിയേയും അദ്ദേഹത്തിന്റെ ഭാര്യയേയും ഒന്നും നാലും വയസ് പ്രായമുള്ള രണ്ട് കുട്ടികളെയും അതിനീചമായി മർദ്ദിക്കുകയുണ്ടായി. ഒരു കേസിലെ പ്രതിയായ പാമ്പാടി ശശി എന്ന ആളിനെ അന്വേഷിച്ചാണ് പോലീസ് അവിടെ ചെന്നതെന്നു പറയുന്നു. ശശിയുടെ വീടാണെന്ന് തെറ്റിദ്ധരിച്ചാണ് പോലീസ് ഈ വീട്ടിൽ ചെന്നതെന്നാണറിയുന്നത്. ശശിയുടെ പേരു വിളിച്ച് വാതിൽ തുറക്കാനാവശ്യപ്പെട്ടു. ബേബിയാണ് വാതിൽ തുറന്നത്. താൻ ശശി അല്ല ബേബിയാണെന്ന് പറഞ്ഞിട്ടും പോലീസ് അത് വകവയ്ക്കാതെ ബേബിയെ പിടിച്ച് വലിച്ച് പോലീസ് ജീപ്പിൽ കയറ്റിക്കൊണ്ടു പോകാൻ ശ്രമിച്ചു. അതിൽ ഇടപെട്ട അദ്ദേഹത്തിന്റെ ഭാര്യയേയും മർദ്ദിച്ചു. അവരുടെ ഒക്കത്തിരുന്ന കൊച്ചു കുഞ്ഞിനെയും തട്ടിത്തെറിപ്പിച്ചു. അലമുറയിട്ടു കരഞ്ഞ നാലു വയസ്സുള്ള കുട്ടിയേയും തൊഴിച്ചു. ബേബിയേയും ഭാര്യയേയും അതിനേക്രമമായി മർദ്ദിച്ചു. ബേബിയെ വലിച്ചിഴച്ച് പോലീസ് ജീപ്പിലേക്ക് കയറ്റിക്കൊണ്ടുപോകാൻ ശ്രമിച്ചു. നിലവിളികേട്ട് നാട്ടുകാർ ഓടിയെത്തി. ഇയാളം ശശിയല്ല ബേബിയെന്നു പറഞ്ഞതിന്റെ പേരിൽ തൽക്കാലം വിട്ടു. ഇത് മുരിക്കാശ്ശേരി പോലീസ് അതിർത്തിയല്ല. നെടുങ്കണ്ടം പോലീസ് സ്റ്റേഷനതിർത്തിയിലാണ് മുരിക്കാശ്ശേരി സബ് ഇൻസ്പെക്ടർ പോയത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ആശുപത്രിയിൽ പോയി ഈ ആളുകളെ കണ്ടതാണ്. ഒരു കുടുംബത്തെ ഒന്നടങ്കം ഇത്രയും നീചമായി മർദ്ദിച്ച സബ് ഇൻസ്പെക്ടറുടെ പേരിൽ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, മുരിക്കാശ്ശേരി പോലീസ് സ്റ്റേഷനതിർത്തിയിലെ ഒരു കേസിൽ പിടികിട്ടേണ്ടതായ പ്രതി ശശിയെ

LIBRARY ARCHIVES Kerala Legislative Assembly